പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1883 — 25.03.2013-ൽ മറുപടിക്ക്.

## സീനിയർ സിറ്റിസൺ ബ്യൂറോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സീനിയർ സിറ്റിസൺ ബ്യൂറോ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ, വിശദമാക്കുമോ ; | : (എ) ഉണ്ട് ; കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവ ഒഴികെ 17 പോലീസ് ജില്ലാ കേന്ദ്രങ്ങളിൽ ജില്ലാതല സീനിയർ സിറ്റിസൺ സർവ്വീസ് ബ്യൂറോ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വീതം 170 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അതാത് ജില്ലാ പോലീസ് കേന്ദ്രവുമായി ബന്ധപ്പെട്ട് പുരോഗമിച്ചുവരുന്നു. കൂടാതെ സംസ്ഥാനതല സീനിയർ സർവ്വീസ് ബ്യൂറോ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) മുതിർന്ന പൗരന്മാരെ സഹായിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ബ്യൂറോയിൽ ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | : (ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും മുതിർന്ന പൗരന്മാർക്ക് മുൻഗണന നൽകി പെറ്റീഷനുകൾ സ്വീകരിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതിന് സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ പോലീസ് കൺട്രോൾ റൂമുകളുമായി ബന്ധപ്പെട്ട് ഹെൽപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരോട് എങ്ങനെ ഇടപഴകണം എന്നതിനെ സംബന്ധിച്ചും ക്ലാസ്സുകൾ നൽകുന്നതിനുമായി സ്പെഷ്യൽ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തു വരുന്നു. ഇലക്ട്രോണിക് ബീറ്റ് സമ്പ്രദായം 7 ജില്ലകളിൽ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. |

(മറുപുറം)

(സി) എവിടെയൊക്കെയാണ് ബ്യൂറോകൾ പ്രവർത്തിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

: (സി) കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവ ഒഴികെ 17 പോലീസ് ജില്ലാ കേന്ദ്രങ്ങളിൽ ബ്യൂറോകൾ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

: (ഡി) ഇതിനായി 170 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനതല സീനിയർ സർവ്വീസ് ബ്യൂറോ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ